# ഓർമ്മയിൽ വാടാമലരായി ഡോ. പോൾസൺ

ഷീല എൻ. പി



ഞാൻ ആദ്യമായി ഡോ. പോൾസനെ കാണുന്നത് ഇവിടുത്തെ ഒരു സാഹിത്യ സമ്മേളനത്തിൽ വെച്ചാണ്. അധികം ഉയരമില്ലാത്ത, അധികം നിറമില്ലാത്ത ഒരാൾ. നിറം ഇരുണ്ടതെങ്കിലും മനസ്സിന്റെ നൈർമല്യം മുഖലക്ഷണമറിയാവുന്ന ഞാൻ വായിച്ചെടുത്തു; പ്രത്യേകിച്ച് പ്രകാശം പരത്തുന്ന മന്ദഹാസത്തിൽ നിന്നും ഞങ്ങൾ പരസ്പരം പരിചയപ്പെട്ടു.

വീണ്ടും സർഗ്ഗവേദി, വിചാര വേദി തുടങ്ങിയ വേദികളിൽ വെച്ച് ആ പരിചയം കുറെക്കുടി ദൃഢമായി. അദ്ദേഹം കൈയൊപ്പുവെച്ച തന്റെ മൂന്നു പുസ്തകങ്ങളും എനിക്കു തന്നു. അതിൽ 'അമേരിക്ക-അത്ഭുത ലോകം' എന്താണെന്നു അദ്ദേഹത്തിന്റെ അനുഭവത്തിന്റെ ചൂടും വേവുമുള്ള ജീവൽഭാഷയിലുള്ള വിവരണം അത് ഒരിക്കൽക്കൂടി വായിക്കാൻ എന്നെ പ്രേരിപ്പിച്ചു. 'സൂസൻ കോൻ' എന്ന നോവൽ ഒരു സംഭവത്തിന്റെ ഭാവനാത്മകമായ വികാരമാണ്. 'അമേരിക്കൻ പുകിലു'കളാകട്ടെ പല കാരണങ്ങളാൽ പലപ്പോഴും പുറമെ ദൃശ്യമാകാറില്ലെങ്കിലും (അതെന്റെ നിറത്തിന്റെ അനുഗ്രഹം അഥവാ ഭാഗ്യം) സംഘർഷത്താൽ എന്റെ ഞരമ്പുകൾ മുറുകുമ്പോൾ അതിനൊരു അയവു വരുത്താനുള്ള കൈകണ്ട ഔഷധമായി എനിക്കനുഭവപ്പെടാറുണ്ട്. ഇവിടുത്തെ വിചിത്രമായ കാര്യങ്ങളൊക്കെ വാർത്തയാകുന്നതിൽ കട്ടിംഗ്സ് ശേഖരിച്ച് ഉചിതമായ തലക്കെട്ട് നൽകി പുസ്തക രൂപത്തിൽ വായനക്കാരുടെ കൈയ്യിലെത്തിക്കുക സ്വന്തമായി ഒരു പുസ്തകമെഴുതുന്നതിലും ശ്രമകരമാണ്. നമ്മുടെ ഹൃദയത്തോട് ചേർന്ന് നിന്നാണ് ഗ്രന്ഥകർത്താവ് സംവദിക്കുന്നതെന്നുള്ളതാണ് അദ്ദേഹത്തിന്റെ കൃതികളുടെ ഏറ്റവും വലിയ സവിശേഷത. അകൃത്രിമമായ ആ ഭാഷാശൈലിയാണ് ഡോ. പോൾസന്റെ കൃതികളെ ഏറെ ആകർഷകമാക്കുന്നത്.

ഒരു കൃതി വായിക്കുമ്പോൾ കൃതികാരന്റെ വ്യക്തിത്വത്തിലേക്കു നമ്മുടെ ശ്രദ്ധ തിരിയുക സ്വാഭാവികം. പലപ്പോഴായി പലരിൽ നിന്നും പലതും ഞാൻ ഗ്രഹിച്ചു. ഇവിടുത്തെ ആദ്യകാല കുടിയേറ്റ മലയാളികൾക്കെല്ലാം ഡോ. പോൾസൻ സുപരിചിതനാണ്. ആദരവോടെയാണ് എല്ലാവരും അദ്ദേഹത്തെക്കുറിച്ച് പറയുക.

എന്നോട് ഒന്നുരണ്ടു തവണ അദ്ദേഹത്തിന്റെ ഒരു പുസ്തകത്തിന്റെ ഹിന്ദി വിവർത്തനത്തിന്റെ കാര്യം പറഞ്ഞു. കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിലെ ഒരു മാഷ് അക്കാര്യം ഏറ്റു; നല്ലൊരു തുകയും അഡ്വാൻസായി വാങ്ങിച്ചു. അത്രതന്നെ; പിന്നെ കക്ഷിയെ നാട്ടിൽ വല്ലപ്പോഴും ചെല്ലുമ്പോൾ നേരിൽ കണ്ട് വിവരം തെരക്കാനുള്ള ശ്രമവും വിജയിച്ചില്ല്. ഞാനും ചെറുതായി ഒന്നു ശ്രമിച്ചു. റിട്ടയർമെന്റിനുശേഷം ക്വാർട്ടേഴ്സ് ഒഴിഞ്ഞുകൊടുത്തു. എനിക്കും തുടരന്വേഷണത്തിനു സാവകാശം കിട്ടാതെയുള്ള പോക്കും വരവുമായി. ഇന്നിപ്പോൾ അതൊരു കുറ്റബോധത്തോടെ ഓർക്കുന്നു.

ഇവിടെയായിരുന്നപ്പോൾ ഞാൻ വല്ലപ്പോഴുമൊക്കെ ഫോണിൽ സുഖവിവരങ്ങൾ തിരക്കുമായിരുന്നു. ഒരിക്കൽ സുഖമില്ലാത്ത ഭാര്യ, ആനി നാട്ടിലാണെന്നും, ഒരു ഓപ്പറേഷനെ തുടർന്ന് അദ്ദേഹം വിശ്രമത്തിലായതിനാലാണ് മീറ്റിംഗിനൊന്നും കാണാത്തതെന്നും പറഞ്ഞു. പിന്നീട് വിളിച്ചപ്പോൾ അദ്ദേഹം നാട്ടിലാണെന്ന് മകനിൽ നിന്നും അറിഞ്ഞു. ഇപ്പോൾ മരണവൃത്താന്തവും. നെഞ്ചുവേദന വന്നപ്പോൾ ആശുപത്രിയിലേക്കുള്ള വഴിമദ്ധ്യേ ആണ് മരണം സംഭവിച്ചതെന്നാണ് കേട്ടത്. ഒരു ഗ്രാമ പ്രദേശത്തുനിന്ന് ഇവിടുത്തെ പോലെ മിന്നൽ വേഗത്തിൽ ആശുപത്രിയിലെത്തുക വയ്യല്ലോ. കിടന്നു കഷ്ടപ്പെടാതെ കടന്നുപോയത് 'അനായാസേന മരണം' എന്ന ഭാഗ്യം അനേകം കഷ്ടനഷ്ടങ്ങൾക്കും ദൗർഭാഗ്യങ്ങൾക്കുമിടയിൽ അദ്ദേഹത്തിനു കൈവന്നു. ദു:ഖത്തിന്റെ ചൂളയിൽ സ്ഫുടം ചെയ്ത ഒരാത്മാവ് നിത്യശാന്തിയിൽ വിലയം പ്രാപിച്ചു.

ഇത്തരുണത്തിൽ മരണമെന്ന യാഥാർത്ഥ്യത്തിലുപരി ഡോ. പോൾസനെ പോലെ നന്മ നിറഞ്ഞ വലിയ മനുഷ്യരുടെ ജീവിതത്തിൽ വന്നനുഭവിക്കുന്ന വിധിവിപര്യയങ്ങളെക്കുറിച്ച് എന്റെയീ ഏകാന്തവേളകളിൽ ഞാനോർക്കുകയാണ്. ദു:ഖാനുഭവങ്ങളില്ലാത്ത ജീവിതമില്ല. ഒളിഞ്ഞും തെളിഞ്ഞും നിർഭാഗ്യങ്ങൾ നമ്മെ തേടി വരുന്നു. ചിലർ (അവർ സഹനദാസരും/ദാസികളുമാണ്; വിവേകികളും) അവയൊക്കെ ഉള്ളിന്റെയുള്ളിൽ ഒളിച്ചുവെച്ച് മറ്റുള്ളവരുടെ കഷ്ടതകളിൽ പങ്കുചേരും. എപ്പോഴും പ്രസന്നവദനരായിരിക്കുകയും ചെയ്യും. നാം സാധാരണക്കാർ നമ്മുടെ കടുകുപ്രായമായ ദു:ഖത്തെ പർവ്വതാകാരമായി സങ്കൽപിച്ച് ലോകത്തേക്കും വലിയ നിർഭാഗ്യർ തങ്ങളാണെന്നും വിളിച്ചറിയിക്കുന്നു; കോലാഹലം സൃഷ്ടിക്കുന്നു.

മനസ്സിൽ ദു:ഖത്തിന്റെ ജ്വാല ആളിക്കത്തുമ്പോഴും കാണികളെ കുടുകുടെ ചിരിപ്പിച്ച ചാർളി ചാപ്ലിൻ എന്നും എന്റെ ആരാധനാപാത്രമാണ്. കനൽവഴികളിലൂടെ നടന്ന ഏബ്രഹാം ലിങ്കൺ; പക്ഷെ ആമുഖം എന്നും ശോകമുദ്രിതമായിരുന്നു. അങ്ങനെ എത്രയെത്ര പേർ!

ഡോ. പോൾസന്റെ ജീവിതവും വേർപാടുകളുടേയും രോഗങ്ങളുടേയും ആഘാതമേറ്റതാണ്. രോഗിണിയായ ഭാര്യയുടെ മരണം, പുത്രന്റെ അകാലവിയോഗം- എല്ലാ വ്യഥകളും ജീവിത സായാഹ്നത്തിൽ സഹിക്കേണ്ടിവന്നു; അപരിഹാര്യമായ നഷ്ടങ്ങൾ.....

ജീവിത സാഹചര്യത്തിന്റെ തീരത്ത് അസ്തമയ കാലത്ത് ഇണയില്ലാതെ, തുണയില്ലാതെ, വിധികാത്ത്, മൃതികാത്ത്, ഏകാകിയായി നിലകൊണ്ടപ്പോൾ ആ വലിയ മനുഷ്യന്റെ ഹൃദയത്തിൽ ആലയടിച്ച വിചാര വികാരങ്ങൾക്കു രൂപം നൽകാൻ ആർക്കു കഴിയും.? നിർദ്ദയ നിയതിയുടെ കഠിനമായ ചാട്ടവാറടിയേറ്റപ്പോഴും, ദു:ഖത്തെ മുഖാമുഖം നോക്കിത്തോൽപിച്ച് തളരാതെ, തകരാതെ

അക്ഷോഭ്യനായി നിന്ന ആ സ്നേഹസമ്പന്നന്റെ ചേതനയറ്റ ശരീരം മകന്റെ വരവിനായി കാത്തുകിടക്കുന്നുവെന്നാണ് ഒടുവിൽ കിട്ടിയ വിവരം.

ദൂരത്തിലെ അടുപ്പം കൈമുതലായെടുത്ത്- ജനമധ്യത്തിലോ, മാധ്യമങ്ങളിലോ തന്റെ പേര് മുഴക്കാൻ ഒരിക്കലും ആഗ്രഹിച്ചിട്ടില്ലാത്ത ആ വലിയ മനുഷ്യന്റെ സ്മരണയ്ക്കു മുന്നിൽ സ്നേഹാദരപൂർവ്വം വാടാമലരുകൾ അർപ്പിക്കുന്നു.

-ഷില എൻ.പി